**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2345** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പരിശോധനകള്‍ വേണ്ടത്ര കാര്യക്ഷമമാകുന്നില്ല എന്ന മാധ്യമ വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. 2023 ഏപ്രിൽ മുതൽ ഡിസംബർ 31 വരെ 50988 പരിശോധനകൾ നടത്തുകയും ഇത്തരം പരിശോധനകളുടെ ഭാഗമായി 7256 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 28231 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തൊട്ടാകെ വിവിധ കോടതികളിലായി 1455 അഡ്ജ്യൂഡിക്കേഷൻ കേസുകളും 2130 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | നിയമവും ചട്ടവും നിലവില്‍ വന്നിട്ടും നാളിതുവരെ ലൈസന്‍സ് എടുക്കാത്ത സ്ഥാപനങ്ങള്‍ക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പരിശോധനകളിൽ എല്ലാ ഭക്ഷ്യ സംരംഭകരും നിയമാനുസൃതമായി ലൈസൻസ്/രജിസ്ട്രേഷൻ എടുത്താണ് പ്രവർത്തിയ്ക്കുന്നതെന്ന് ഉറപ്പവരുത്തുന്നുണ്ട്. ആയത് ഉറപ്പവരുത്തുന്നതിലേയ്ക്കായി ഓപ്പറേഷൻ ഫോസ്കോസ് എന്ന പേരിൽ പ്രത്യേക ലൈസൻസ് ഡ്രൈവ് വകുപ്പ് നടത്തി വരുന്നു. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നിഷ്കർഷിക്കുന്ന നിയമപരമായ ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ 63 പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം ഓപ്പറേഷന്‍ ഫോസ്കോസ് ലൈസന്‍സ് ഡ്രൈവ് എത്രയെണ്ണം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫോസ്കോസ് ഡ്രൈവിന്റെ ഭാഗമായി 2023 വർഷത്തിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനകളുടെ ഭാഗമായി സംസ്ഥാനത്ത് ഒട്ടാകെ 216 സ്ക്വാഡുകൾ രൂപീകരിയ്ക്കുകയും ടി കാലയളവിൽ 14944 |

| | | | |
|---|---|---|---|
| | | | പരിശോധനകൾ നടത്തുകയും നിയമപരമായ ലൈസൻസ് പരിധിയിൽ വരുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ രജിസ്ട്രേഷൻ മാത്രം എടുത്ത് പ്രവർത്തിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ട 1347 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനിൽ നിന്നും ലൈസൻസിലേയ്ക്ക് മാറുന്നതിനായുള്ള നിർദ്ദേശം നൽകിക്കൊണ്ടുള്ള നോട്ടീസ് നൽകുകയും സംസ്ഥാനത്ത് ഒട്ടാകെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട 2202 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഗുരുതരമായ നിയമ ലംഘനങ്ങൾ കണ്ടെത്തിയ 2958 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. 2024 ഫെബ്രുവരി 5 മുതൽ 8 വരെ സംസ്ഥാനത്ത് ഫോസ്റ്റോസ് ഡ്രൈവ് നടന്നു വരികയാണ്. |
| (ഡി) | അനധികൃതമായി പ്രവർത്തിച്ച എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ? | (ഡി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി **2023** ഏപ്രിൽ മുതൽ **2024** ജനുവരി വരെ നടത്തിയ പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചിരുന്ന **4700** സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസുകളും**, 5669** സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയുണ്ടായി**.** ടി കാലയളവിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ **2775** സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്**.** ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം**,** സംഭരണം**,** വിതരണം**,** വിൽപ്പന തുടങ്ങിയവ ചെയ്തതിന്റെ അടിസ്ഥാനത്തിൽ **2023-24** സാമ്പത്തിക വർഷത്തിൽ നാളിതുവരെ **455** അഡ്ജുഡിക്കേഷൻ കേസുകളും **566** പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി**.** |

സെക്ഷൻ ഓഫീസർ